ലോക ഭക്ഷ്യകാർഷിക സംഘടന (എഫ്.ഏ.ഓ)/ഐക്യരാഷ്ട്ര സഭ(യു.എൻ)

# ഭക്ഷ്യ സുരക്ഷയുടെയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ സ്ഥായിയായ ചെറുകിട മത്സ്യമേഖലയുടെ സംരക്ഷണത്തിനായി സ്വമേധയാ നടപ്പാക്കാനുള്ള മാർഗ്ഗന ിർദ്ദേശങ്ങൾ



Translated by
Protsahan
തർജ്ജമ ചെയ്തത് ഏ.ജെ.വിജയൻ, പ്രോത്സാഹൻ

Published by
Protsahan
പ്രസിദ്ധീകരിക്കുന്നത്
ഐ.സി.എസ്.എഫ്–ന് വേി പ്രോത്സാഹൻ, ദിവാകരമന്ദിരം, ആയൂർവേദ കോളേജ് വെസ്റ്റ് റോഡ്, തിരുവനന്തപുരം–1

ഈ ലഘുലേഖ വിൽപ്പന നടത്താനുള്ളതല്ല. മത്സ്യത്തൊഴിലാളികൾക്കിടയിൽ ചെറുകിട മത്സ്യമേഖലയുടെ സംരക്ഷണത്തിനായുള്ള ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ളത്.

ലോക ഭക്ഷ്യകാർഷിക സംഘടന (എഫ്.ഏ.ഓ)/ഐക്യരാഷ്ട്ര സഭ(യു.എൻ)

# ഭക്ഷ്യ സുരക്ഷയുടെയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ സ്ഥായിയായ ചെറുകിട മത്സ്യമേഖലയുടെ സംരക്ഷണത്തിനായി സ്വമേധയാ നടപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ലോകത്തിലെ ചെറുകിട മത്സ്യമേഖലയെ കുറിച്ചുള്ള ഈ മാർഗ്ഗനിർദ്ദേശം ഐക്യരാഷ്ട്ര സഭയിൽ ഉൾപ്പെട്ടിട്ടുള്ളവരും ഭക്ഷ്യ കാർഷികസംഘടനയിൽ അംഗങ്ങളുമായ രാജ്യങ്ങൾ അംഗീകരിച്ചതാണ്. 2014 ജൂൺ 14-നാണ് ഇത് ഒരു അന്താരാഷ്ട്ര നയ ഉപാധി എന്ന നിലയിൽ ഔദ്യോഗികമായി അംഗീകരിച്ചത്.

ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രത്യേക സവിശേഷത, കേരളമുൾപ്പെടെ ലോകമൊട്ടാകെയുള്ള ചെറുകിട മത്സ്യത്തൊഴിലാളികളുടെ പോരാട്ടങ്ങളുടെ ഒരു ദീർഘ ചരിത്രത്തിന്റെ ഫലമായിട്ടാണ് ഇതുായത് എന്നതാണ്. സ്വന്തം രാജ്യങ്ങളിലെ മത്സ്യമേഖലയിൽ ചെറുകിട മേഖലക്കുള്ള പദവിയും പങ്കും കൂടുതൽ അംഗീകരിക്കപ്പെടണം എന്ന് ഇത് ആഹ്വാനം ചെയ്യുന്നു്.

എന്നിരുന്നാലും, പതിറ്റാുകളായുള്ള 'ഔദ്യോഗിക അവഗണന'യുടെ ഫലമായി, നിരവധി രാജ്യങ്ങളിൽ, ചെറുകിട മീൻപിടുത്ത സമൂഹങ്ങൾ, ആകെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ ഏറ്റവും വലിയ ഭാഗം അവരുടെ പങ്കായിരുന്നിട്ടുപോലും, ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരും, സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക വികസനത്തിൽ തങ്ങളുടെ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുമായി ജീവിച്ചുപോരുകയാണ്.

ഐക്യ രാഷ്ട്ര സഭയിലെ അംഗരാജ്യങ്ങൾ ഈ യാഥാർത്ഥ്യം തിരിച്ചറിയുന്നതിന്റെയും ഒപ്പം തന്നെ ചെറുകിട-മത്സ്യമേഖലയെ മത്സ്യമേഖലാ വികസനത്തിന്റെയും പരിപാലനത്തിന്റെയും 'കേന്ദ്ര സ്ഥാന'ത്ത് തിരികെ കൊുവരാനുള്ള ഒരു ശ്രമം കൂടിയാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ.

ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണം ഏറ്റവുമധികം പങ്കാളിത്തപരമായ ഒരു പ്രക്രിയയിലൂടെ സാധ്യമാക്കുന്നതിൽ നേതൃപരമായ പങ്കു വഹിച്ച ഒരു പൗര സമൂഹ സംഘടനയാണ് മത്സ്യത്തൊഴിലാളികളെ പിന്തുണക്കുന്ന അന്തരാഷ്ട്ര കൂട്ടായ്മ (ഐ.സി.എസ്.എഫ്). യഥാർത്ഥത്തിൽ, ഈ മാർഗ്ഗനിർദ്ദേശങ്ങൾ, ലോകമൊട്ടാകെയുള്ള ചെറികിട മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്ക് അക്ഷീണം യത്നിച്ചിരുന്ന ഐ.സി.എസ്.എഫിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി ശ്രീമതി ചന്ദ്രികാ ശർമ്മയുടെ സ്മരണക്കായാണ് ഔദ്യോഗികമായി എഫ്.ഏ.ഓ/ യു.എൻ സമർപ്പിച്ചിരിക്കുന്നത്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിന് പിന്തുണ തേടിക്കൊ് എഫ്.ഏ.ഓ സംഘടിപ്പിച്ച ഒരു സമ്മേളനത്തിൽ പങ്കെടുക്കാനായി യാത്ര ചെയ്യവേ, ശ്രീമതി ചന്ദ്രിക സഞ്ചരിച്ചിരുന്ന എംഎച്ച് 370 മലേഷ്യൻ എയർലൈൻസ് വിമാനം കാണാതാവുകയായിരുന്നു.

ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ 13 ഭാഗങ്ങളിലായി 100 വകുപ്പുകളാണുള്ളത്. ഇവിടെ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ ഉള്ളടക്കത്തിന്റെ ഒരു രത്നച്ചുരുക്കം മാത്രമാണ്. ഇത് സ്വകാര്യ പ്രചാരണത്തിനായി ഐ.സി.എസ്.

എഫ്–ന് വേി തയ്യാറാക്കിയത് തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ ഫിഷറീസ് ഗവേഷകനും പ്രൊഫസറുമായിരുന്ന ഡോ. ജോൺ കുര്യൻ ആണ്.


## ആമുഖം

ഈ മാർഗ്ഗനിർദ്ദേശങ്ങൾ 1995–ലെ എഫ്.എ.ഓ/യു.എൻ ഉത്തരവാദപ്പെട്ട മീൻപിടുത്ത പെരുമാറ്റ ചട്ടങ്ങൾക്ക് ഒരു പൂരകം എന്ന ഉദ്ദേശത്തിലാണ് വികസിപ്പിച്ചിരിക്കുന്നത്.  ഈ മാർഗ്ഗനിർദ്ദേശങ്ങൾ സ്വമേധയാ പാലിക്കേതും ആഗോള വ്യാപ്തിയിലുള്ളതുമാണ്. ചെറുകിട മത്സ്യമേഖല എന്ന പദം ഉപയോഗിക്കുമ്പോൾ ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളിലും ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാരെയും സ്ത്രീകളെയും അത് ഉൾക്കൊള്ളുന്നു. ആഗോള മീൻപിടുത്തത്തിൽ പകുതിയും ചെറുകിട മത്സ്യമേഖലയുടെ പങ്കാണ്. അതാതു പ്രദേശങ്ങളുടെ പ്രത്യേക സ്വഭാവ വിശേഷങ്ങൾക്കനുസരിച്ചുള്ള വൈവിദ്ധ്യമാർന്നതും ചടുലവുമായ ഒന്നാണ് ചെറുകിട മത്സ്യമേഖല. ചെറുകിട മീൻപിടുത്ത സമൂഹങ്ങൾ ഇപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ടുകൊിരിക്കുന്നു. ചെറുകിട മത്സ്യമേഖലക്ക് സംരക്ഷണവും അതിന്റെ പങ്ക് വർദ്ധിപ്പിക്കലും ഉറപ്പാക്കാൻ ഏറെ വെല്ലുവിളികളും പരിമിതികളും നേരിടണം. ചെറുകിട മീൻപിടുത്ത സമൂഹങ്ങളിലെ ദാരിദ്ര്യത്തിന് പല തലങ്ങളു്. ഈ മാർഗ്ഗനിർദ്ദേശങ്ങളാകട്ടെ ഒരു സവിശേഷമായ, പങ്കാളിത്ത, കൂടിയാലോചനാ പ്രക്രിയയിലൂടെയാണ് വികസിപ്പിച്ചിരിക്കുന്നത്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ അന്താരാഷ്ട്ര മനുഷ്യാവകാശ പ്രമാണങ്ങൾക്ക് അനുസൃതവുമാണ്.

# 1. ലക്ഷ്യങ്ങൾ


ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ ലക്ഷ്യങ്ങൾ ചെറുകിട മത്സ്യമേഖല ഇനി പറയുന്നവ ഉറപ്പാക്കുന്നതിന് വേിയാണ്: ആഗോള ഭക്ഷ്യ സുരക്ഷിതത്വം മെച്ചപ്പെടുത്തുക; ഈ ഗ്രഹത്തിന്റെ സാമ്പത്തിക, സാമൂഹ്യ ഭാവിക്കായി അതിന്റേതായ പങ്ക് വഹിക്കുന്നതിന് സഹായിക്കുക; മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ–സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതിന് പങ്ക് വഹിക്കുക; മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗം നേടിയെടുക്കുക. ചെറുകിട മത്സ്യമേഖലയുടെ കടമ, പങ്ക്, സാധ്യത എന്നിവയെ കുറിച്ചുള്ള പൊതുജനങ്ങളുടെ ബോധം വളർത്താൻ മാർഗ്ഗന ിർദ്ദേശങ്ങളുടെ ഈ പ്രക്രിയക്ക് സാധ്യമാകണം.

ഈ ലക്ഷ്യങ്ങൾ നേടേത് മനുഷ്യാവകാശങ്ങളുടെ അടിസ്ഥാനത്തിലുള്ള സമീപനത്തിലൂടെ ആയിരിക്കണം. തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ പ ങ്കെടുക്കാനായി ചെറുകിട മീൻപിടുത്ത സമൂഹങ്ങളെ ശാക്തീകരിക്കുകയും മത്സ്യസമ്പത്തിന്റെ സുസ്ഥിര വിനിയോഗത്തിന്റെ ഉത്തരവാദിത്തം അവർ ഏറ്റെടുക്കുകയും വേണം. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ ഊന്നൽ നൽകിയിരിക്കുന്നത് വികസ്വര രാജ്യങ്ങളുടെ ആവശ്യങ്ങൾക്കും, ചെറുകിട മീൻപിടുത്ത സമൂഹങ്ങളിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായവരുടെ ആശങ്കകൾ നേരിടുന്നതിന ുമാണ്.



## 2. സ്വഭാവവും സാദ്ധ്യതയും

മാർഗ്ഗനിർദ്ദേശങ്ങൾ സ്വമേധയാ പാലിക്കേതും വികസ്വര രാജ്യങ്ങൾക്ക് ഊന്നൽ നൽകുന്നതുമാണ്. സമുദ്ര, ഉൾനാടൻ ജലാശയങ്ങളുമായി ബന്ധപ്പെട്ട മത്സ്യബന്ധന പ്രവൃത്തികളെല്ലാം തന്നെ ഇതിന്റെ വ്യാപ്തിയിൽ വരുന്നു്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാവിധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരെ ഇത് അഭിസംബോധന ചെയ്യുന്നു – രാജ്യങ്ങൾ, അന്താരാഷ്ട്ര തലത്തിലും അല്ലാതെയുമുള്ള സർക്കാരിതര സംഘടനകൾ, പൗരസമൂഹ സംഘടനകൾ, അക്കാദമിക സ്ഥാപനങ്ങൾ, സ്വകാര്യ മേഖല തുടങ്ങിയവ. ചെറുകിട മത്സ്യമേഖലയുടെ വൈവിദ്ധ്യത്തെ ഇത് അംഗീകരിക്കുകയും അതിന് ഒരു സാമാന്യമായ നിർവചനം നൽകാനാവില്ലെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. ഏതൊരു ചെറുകിട മത്സ്യമേഖലയിലെയും ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ആളുകൾക്കാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ കൂടുതൽ പ്രയോജനം ചെയ്യുന്നത് എന്ന് തിരിച്ചറിഞ്ഞുകൊ്, ഏറ്റവും സുതാര്യവും പങ്കാളിത്തപരവുമായ രീതിയിൽ അവരെ കത്തേേത് അതാതു രാജ്യങ്ങളുടെ ഉത്തരവാദിത്തമാണ്. ദേശീയ നിയമ വ്യവസ്ഥകളുടെയും സ്ഥാപനങ്ങളുടെയും പ്രവൃത്തി മണ്ഡലങ്ങളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ വ്യാഖ്യാനിക്കുകയും പ്രയോഗിക്കുകയും വേണം.



# 3. നിർദ്ദേശക തത്വങ്ങൾ


പതിമൂന്ന് നിർദ്ദേശക തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ഇവ അന്താരാഷ്ട്ര മനുഷ്യാവകാശ പ്രമാണങ്ങൾ, ഉത്തരവാദിത്ത മത്സ്യബന്ധന പെരുമാറ്റ ചട്ടങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ടവരും ദുർബലരുമായ വിഭാഗങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന സുസ്ഥിര വികസന പ്രയോഗങ്ങൾ, കൂടാതെ മതിയായ ഭക്ഷണം ലഭിക്കാനുള്ള അവകാശമെന്ന പുരോഗമനാശയത്തെ പിന്തുണക്കേതിന്റെ പ്രാധാന്യം തിരിച്ചറിയുക എന്നിവയെ അടിസ്ഥാനമാക്കിയിരിക്കുന്നു.

ഈ തത്വങ്ങളിൽ ഇവ ഉൾപ്പെടുന്നു: മനുഷ്യാവകാശങ്ങളും അന്തസ്സും; സംസ്കാരങ്ങളെ ബഹുമാനിക്കൽ; വിവേചന–രാഹിത്യം; ലിംഗപദവി തുല്യതയും സമത്വവും; സമത്വവും തുല്യതയും; കൂടിയാലോചനയും പങ്കാളിത്തവും; നിയമവാഴ്ച; സുതാര്യത; ഉത്തരവാദിത്തം; സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കൽ; സമ്പൂർണ്ണവും സമഗ്രവുമായ സമീപനങ്ങൾ; സാമൂഹ്യ ഉത്തരവാദിത്തം; സാദ്ധ്യതയും സാമൂഹ്യ–സാമ്പത്തിക ജീവനസാമർത്ഥ്യവും.

## 4. ഇതര അന്താരാഷ്ട്ര നിയമ ഉപകരണങ്ങളുമായുള്ള ബന്ധം

ദേശീയവും അന്തർദ്ദേശീയവുമായ നിയമത്തിന്റെ കീഴിൽ ന
ിലവിലുള്ള അവകാശങ്ങളുമായും ചുമതലകളുമായും പൊരുത്തപ്പെടുന്ന വിധത്തിലായിരിക്കണം ഈ മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിക്കുകും പ്ര യോഗത്തിൽ വരുത്തുകയും ചെയ്യേത്. ഇങ്ങനെ ചെയ്യുന്നതാകട്ടെ ബാധകമായ മേഖലാ അന്താരാഷ്ട്ര മനുഷ്യാവകാശ മാനദണ്ഡങ്ങളുടെ കീഴിലുള്ള സ്വമേധയാലുള്ള പ്രതിബദ്ധതകൾക്ക് അർഹമായ പ്രാധാന്യം നൽകിക്കൊ ായിരിക്കണം.

ഈ മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ഉപ യോഗിക്കാം കൂടാതെ പുതിയതോ പൂരകമായതോ ആയ നിയമ നിയന്ത്രണ വ്യവസ്ഥകൾക്ക് പ്രചോദനം നൽകാനും ഉപോയഗിക്കാം. എങ്കിലും ഈ മാർഗ്ഗന ിർദ്ദേശങ്ങളിലുള്ള യാതൊന്നും അന്താരാഷ്ട്ര നിയമത്തിന്റെ കീഴിൽ ഒരു രാഷ്ട്രം പാലിക്കേ കടമകളെയോ ഉത്തരവാദിത്തങ്ങളെയോ ഹനിക്കുന്നതായോ പ രിമിതപ്പെടുത്തുന്നതായോ വ്യാഖ്യാനിക്കരുത്.



# 5. ചെറുകിട മത്സ്യമേഖലയിലും വിഭവ പരിപാലനത്തിലും അനുഭവക്രമങ്ങളുടെ നിർവഹണം

## ഏ. ടടകഒകണങഒകണങകങ്ങഎജടട ഉത്തഇങണദചത്ത ഭഇണണ

ചെറുകിട മീൻ–പിടുത്ത സമൂഹങ്ങളിൽ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വികസനവും മനുഷ്യാവകാശങ്ങളും നേടിയെടുക്കുന്നതിൽ അനുയോജ്യമായ പ്രകൃതിവിഭവങ്ങളുടെ കൈവശാവകാശത്തിന്റെ (അനുഭവക്രമത്തിന്റെ) ഉത്തരവാദപ്പെട്ട ഭരണത്തിന് (നടത്തിപ്പ്) കേന്ദ്രസ്ഥാനമാണുള്ളത്. ചെറുകിട മീൻപിടുത്ത സമൂഹങ്ങൾക്ക് മത്സ്യസമ്പത്ത്, മത്സ്യബന്ധന മേഖലകൾ, സമീപ ഭൂമിയും വനങ്ങളും എന്നിവയോട് സുരക്ഷിതവും, ന്യായവും, സാമൂഹ്യ–സാംസ്കാരികമായി ഭദ്രവുമായ അനുഭവക്രമ അവകാശങ്ങളുണ്ടാകണം. സ്ത്രീകളുടെ അനുഭവക്രമ അവകാശങ്ങൾക്ക് പ്രത്യേക പരിഗണന നൽകേതാണ്. ന്യായമായ എല്ലാത്തരം അനുഭവക്രമ അവകാശങ്ങളും തിരിച്ചറിയപ്പെടണം, രേഖപ്പെടുത്തണം കൂടാതെ ബഹുമാനിക്കപ്പെടുകയും വേണം. ഇത് ആവശ്യമാണെങ്കിൽ നിയമ പിൻബലത്തോടെ നടപ്പാക്കണം, പ്രത്യേകിച്ച് ജലവിഭവങ്ങളിലും ഭൂമിയിലുമുള്ള പരമ്പരാഗതവും മുൻഗണനാടിസ്ഥാനത്തിലുള്ളതുമായ അവകാശങ്ങളെ കണക്കിലെടുത്തുമായിരിക്കണം. നിയമപരിഷ്കാരങ്ങളിലൂടെ സ്ത്രീകൾക്ക് ലഭ്യമായ അവകാശങ്ങളെ ഈ പരമ്പരാഗത അനുഭവക്രമ അവകാശങ്ങളിൽ വേവിധം ഉൾച്ചേർക്കുകയും വേണം. പ്രാദേശിക തീരദേശ ജല–ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിലും കൂട്ടായി പരിപാലിക്കുന്നതിലും ചെറുകിട മീൻപിടുത്ത സമൂഹങ്ങളുടെ പങ്ക് അംഗീകരിക്കപ്പെടണം. ഭൂമിയുടെയും ജലവിഭവങ്ങളുടെയും ഉടമാവകാശം ഗവണ്മെന്റുകൾക്കാണെങ്കിൽ, അവ ചെറുകിട മീൻപിടുത്ത സമൂഹങ്ങൾ കൂട്ടായി ഉപയോഗിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രത്യേകിച്ച്, ഇവരുടെ അനുഭവക്രമ അവകാശങ്ങൾ അംഗീകരിക്കപ്പെടണം.

ദേശീയ സമുദ്ര അധികാരപരിധിയിലുള്ള മത്സ്യസമ്പത്തിന്മേൽ ചെറുകിട മീൻപിടുത്തക്കാർക്ക് മുൻഗണനാ പ്രാപ്യത നൽകണമെന്ന കാര്യം ഉത്തരവാദിത്ത മീൻപിടുത്ത പെരുമാറ്റ ചട്ടങ്ങളിൽ ഉള്ള കാര്യമാണ്. ഇതിന്റെ ചുവടുപിടിച്ച്, ചെറുകിട മത്സ്യമേഖലക്ക് പ്രത്യേകമായ മേഖലകൾ നടപ്പാക്കാൻ ഗവണ്മെന്റുകൾ ബാധ്യസ്ഥമാണ്. മൂന്നാം കക്ഷികൾക്ക് മത്സ്യസമ്പത്ത് പിടിക്കാനുള്ള അവകാശം നൽകുന്ന കരാറുകളിൽ ഏർപ്പെടുന്നതിന് മുമ്പ്, അത്തരം കടൽ മേഖലകളിൽ ചെറുകിട മീൻപിടുത്ത സമൂഹങ്ങളുടെ അവകാശവാദങ്ങൾക്ക് അർഹമായ പരിഗണന നൽകിയിരിക്കണം.

ചെറുകിട മീൻപിടുത്ത സമൂഹങ്ങൾ പ്രവർത്തിക്കുന്ന മേഖലകളിൽ മറ്റ് ഉപയോക്താക്കൾ നടത്തുന്ന ഏറിവരുന്ന കടന്നുകയറ്റങ്ങൾ സംഘർഷങ്ങൾക്ക് ഇടവരുത്തുന്നു്. ചെറുകിട മീൻപിടുത്തക്കാരെ അന്യായമായി ഒഴിപ്പിക്കുകയോ അവരുടെ ന്യായമായ അനുഭവക്രമ അവകാശങ്ങളിൽ തടസ്സങ്ങൾ ഉാക്കുകയോ ചെയ്യില്ലെന്ന് ഗവണ്മെന്റുകൾ ഉറപ്പുവരുത്തണം. വൻകിട വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ ഗവണ്മെന്റുകളും ഇതര കക്ഷികളും അർത്ഥവത്തായ കൂടിയാലോചനകൾ നടത്തുകയും, ചെറുകിട മീൻപിടുത്ത സമൂഹങ്ങൾക്ക് ഉാകാവുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് പ്രസക്തമായ പഠനങ്ങൾ നടത്തുകയും ചെയ്യണം.

ചെറുകിട മീൻപിടുത്ത സമൂഹങ്ങളിൽ അനുഭവക്രമ അവകാശങ്ങൾ സംബന്ധിച്ച് ഉടലെടുക്കുന്ന തർക്കങ്ങളിൽ കൃത്യസമയങ്ങളിൽ ഫലപ്രദമായി ഇടപെടാനും പരിഹാരങ്ങൾ കത്തൊനും, നഷ്ടപരിഹാരങ്ങൾ നൽകേതുങ്കിൽ നടപ്പാക്കാനും ഗവണ്മെന്റുകൾ ബാധ്യസ്ഥമാണ്.

പ്രകൃതി ദുരന്തങ്ങൾ, യുദ്ധസാഹചര്യങ്ങൾ എന്നിവ മൂലം ചെറുകിട മീൻപിടുത്ത സമൂഹങ്ങൾ കുടിയൊഴിയേ വരുന്ന സ്ഥിതി വർദ്ധിക്കുകയാണ്. പരമ്പരാഗത മീൻപിടുത്ത ഇടങ്ങളിലും തീരപ്രദേശ ഭൂമികളിലും ചെറുകിട മീൻപിടുത്ത സമൂഹങ്ങൾക്കുള്ള പ്രാപ്യതാവകാശം മത്സ്യസമ്പത്തിന്റെ സ്ഥായിയായ നിലനിൽപ്പ് കണക്കിലെടുത്തുകൊ് നടപ്പാക്കാൻ ഗവണ്മെന്റുകൾ എല്ലാ ശ്രമവും നടത്തണം. ഈ സാഹചര്യങ്ങളിൽ, കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ മൂലം കെടുതികൾക്കിരയായ സമൂഹങ്ങളെ പിന്തുണക്കാനും അവരുടെ ജീവിത പുനസൃഷ്ടി സാധ്യമാക്കാനും സംവിധാനങ്ങൾ ഉാക്കുകയും അത്തരം സാഹചര്യങ്ങളിൽ അനുഭവക്രമ അവകാശങ്ങളുടെ കാര്യത്തിൽ സ്ത്രീകൾക്കെതിരായ വിവേചനം ഉാകില്ലെന്ന് ഉറപ്പാക്കുകയും വേണം.

## ബച. ഗജസ്ഥചഇഅങ്ങആ ഒചഭഒ പഇചപങ്ങളനണ

ചെറുകിട മീൻപിടുത്ത സമൂഹങ്ങളുടെ ആവശ്യങ്ങൾക്കും അവസരങ്ങൾക്കും അർഹമായ പരിഗണന നൽകിക്കൊ് മത്സ്യസമ്പത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള പരിപാലനത്തിനും സ്ഥായിയായ വിഭവ ഉപയോഗത്തിനുമുള്ള നടപടികൾ സ്വീകരിക്കുക. അവകാശങ്ങൾക്കും ഉത്തരവാദിത്തങ്ങൾക്കും തുല്യ പ്രാധാന്യമു്. അനുഭവക്രമ അവകാശങ്ങൾ മത്സ്യസമ്പത്തിന്റെ സംരക്ഷണവും സ്ഥായിയായ ഉപയോഗവും നേടിയെടുക്കുന്നതിനുള്ള ഉത്തരവാദിത്തങ്ങളുമായി പൊരുത്തപ്പെടുന്ന വിധമാകണം.

ചെറുകിട മത്സ്യമേഖല ഉപയോഗിക്കേത് പരിസ്ഥിതിക്കും അനുബന്ധ

ജീവജാലങ്ങൾക്കും ഏറ്റവും കുറഞ്ഞ ഹാനി വരുത്തുന്ന മീൻപിടുത്ത രീതികളായിരിക്കണം. മത്സ്യവിഭവ പരിപാലനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ ഗവണ്മെന്റുകൾ ചെറുകിട മത്സ്യമേഖലയെ പിന്താങ്ങണം. പരിപാലന നടപടികൾ രൂപീകരിക്കാനും, ആസൂത്രണം ചെയ്യാനും നടപ്പാക്കാനും സ്ത്രീകളുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊ് ഗവണ്മെന്റ് ജനവിഭാഗങ്ങളെ പങ്കാളികളാക്കണം. ദേശീയ നിയമങ്ങളുടെ സാധ്യതകൾക്കുള്ളിൽ നിന്നുകൊ് പ്രവർത്തിക്കുന്ന പങ്കാളിത്ത പരിപാലന സംവിധാനങ്ങളെ ഗവണ്മെന്റുകൾ പ്രോത്സാഹിപ്പിക്കണം.

ചെറുകിട മത്സ്യമേഖലക്ക് ബാധകവും അനുയോജ്യവുമായ നിരീക്ഷണ, നിയന്ത്രണ, മേൽനോട്ട (എം.സി.എസ്) സംവിധാനങ്ങൾ ഗവണ്മെന്റ് നടപ്പാക്കണം. എല്ലാവിധ നിയമവിരുദ്ധവും വിനാശകരവുമായ മത്സ്യബന്ധന രീതികളും തടയുന്നതിനും ഇല്ലാതാക്കുന്നതിനും ഗവണ്മെന്റുകൾ പരിശ്രമിക്കുകയും ചെറുകിട മീൻപിടുത്തക്കാർ പരിപാലന സംവിധാനങ്ങളെ പിന്താങ്ങുകയും പരിപാലനത്തിന് ആവശ്യമായ വിവരങ്ങൾ നൽകി സഹായിക്കുകയും വേണം.

സഹ–പരിപാലന സംവിധാനങ്ങളുമായി ബന്ധപ്പെട്ട ഓരോ കക്ഷികളുടെയും ചുമതലകളും പങ്കുകളും വ്യക്തമാക്കിക്കൊ് നിയമപരമായ പിന്തുണയോടെ ഏർപ്പെടുത്താനും ഗവണ്മെന്റുകൾ തയ്യാറാകണം. പ്രസക്തമായ പ്രാദേശികവും ദേശീയവുമായ മത്സ്യമേഖലാ വികസന നയരൂപീകരണ സംവിധാനങ്ങളിലും പ്രക്രിയകളിലും ചെറുകിട മത്സ്യമേഖലക്ക് പ്രാതിനിധ്യവും പങ്കാളിത്തവും ഉാകണം.

കൂട്ടായ വിഭവപരിപാലനം പ്രോത്സാഹിപ്പിക്കുമ്പോൾ, മത്സ്യ ഉൽപ്പാദനത്തിലും സംസ്കരണ–വിപണന പ്രവൃത്തികളിലും ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാരെയും സ്ത്രീകളെയും തങ്ങളുടെ അറിവും, കാഴ്ചപ്പാടുകളും ആവശ്യകതകളും പ്രയോജനപ്പെടുത്തുമെന്ന് ഉറപ്പുവരുത്തണം.

രാജ്യങ്ങൾ തമ്മിലുള്ള അതിർത്തി പ്രശ്നങ്ങളുള്ളതും കടലും മത്സ്യസമ്പത്തും പങ്കുവയ്ക്കുകയും ചെയ്യുന്ന ഇടങ്ങളിൽ ചെറുകിട മത്സ്യബന്ധന സമൂഹങ്ങളുടെ കൈവശ, പ്രാപ്യതാവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ഗവണ്മെന്റുകൾ ഉറപ്പുവരുത്തണം.

മത്സ്യബന്ധന അമിത ശേഷി ഉാക്കുന്നതിന് പ്രേരകമാകുന്ന നയങ്ങളും സാമ്പത്തിക നടപടികളും ഒഴിവാക്കാൻ ഗവണ്മെന്റുകൾ ശ്രദ്ധിക്കേതാണ്. അമിതശേഷി അമിത മത്സ്യബന്ധനത്തിനും അങ്ങനെ ചെറുകിട മത്സ്യമേഖലക്ക് ദോഷം ചെയ്യുന്നതുമായ സ്ഥിതിയിലേക്ക് നയിക്കും.

# 6. സാമൂഹ്യ വികസനം, തൊഴിൽ, മാന്യമായ ജോലി

ചെറുകിട മത്സ്യമേഖലയുടെ വികസനത്തിനും പരിപാലനത്തിനും ഒരു സമഗ്രമായ സമീപനമാണ് എല്ലാ കക്ഷികളും സ്വീകരിക്കേണ്ടത്. ആരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത, വിവര സാങ്കേതികവിദ്യയുടെ ഉൾച്ചേരൽ, ഇതര സാങ്കേതിക വൈദഗ്ദ്ധ്യങ്ങൾ എന്നീ രംഗങ്ങളിൽ വേണ്ട്ര പണം മുടക്കുന്നതിനെ ഗവണ്മെന്റുകൾ പ്രോത്സാഹിപ്പിക്കണം.

ചെറുകിട മത്സ്യമേഖലയിലെ മുഴുവൻ മൂല്യ ശൃംഘലയിലുമുള്ള എല്ലാ തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾക്ക് ഗവണ്മെന്റുകൾ മുൻകൈ എടുക്കണം. മിച്ച നിക്ഷേപങ്ങൾ, വായ്പ, ഇൻഷുറൻസ് എന്നീ വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ ഈ സേവനങ്ങളിൽ സ്ത്രീകൾക്ക് പ്രാപ്യത ഉറപ്പുവരുത്തണം. ഉറപ്പുവരുത്തണം.

ചെറുകിട മത്സ്യമേഖലയിലെ മൂല്യ ശൃംഘലയിലെ മുഴുവൻ പ്രവൃത്തികളെയും സാമ്പത്തികവും വൈദഗ്ധ്യപൂർണ്ണവുമായ തൊഴിൽ എന്ന നിലയിൽ എല്ലാവരും അംഗീകരിക്കേണ്ടതാണ്.

എല്ലാവർക്കും മാന്യമായ തൊഴിൽ ഗവണ്മെന്റുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മാന്യമായ ജീവിത നിലവാരത്തിനായുള്ള ചെറുകിട മീൻപിടുത്തക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും അവകാശങ്ങൾ സാക്ഷാത്കരിക്കപ്പെടുമെന്ന് ഗവണ്മെന്റുകൾ ഉറപ്പാക്കണം. അവരുടെ അദ്ധ്വാനം, മുതൽമുടക്ക്, നിർവഹണം എന്നിവയ്ക്ക് ഒരു നീതിപൂർവമായ മിച്ചവരുമാനം ലഭിക്കാനുള്ള വിവേചന രഹിതമായ മികച്ച സാമ്പത്തിക നയങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്ന വിധത്തിൽ പിന്തുടരാൻ ഗവണ്മെന്റുകൾ ശ്രമിക്കേണ്ടതാണ്. ഇവർക്കിടയിൽ ബദൽ വരുമാന–തൊഴിൽ സാധ്യതകളെ ഗവണ്മെന്റുകളും മറ്റു കക്ഷികളും പിന്താങ്ങണം. ചെറുകിട മത്സ്യബന്ധന സമൂഹങ്ങൾക്ക് മത്സ്യവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തുടർന്നുകൊണ്ടുപോകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം.

കുടിയേറ്റം ഇന്ന് ഒരു പൊതുവായ ഉപജീവന തന്ത്രമാണ്. മീൻപിടുത്തക്കാരുടെ രാജ്യാന്തര സഞ്ചാരങ്ങളുടെ അന്തർലീനമായ കാരണങ്ങളും പ്രത്യാഘാതങ്ങളും ഗവണ്മെന്റുകൾ അംഗീകരിക്കുകയും നേരിടുകയും വേണം.

തൊഴിൽപരമായ ആരോഗ്യം, സുരക്ഷ, നീതിപൂർവമല്ലാത്ത തൊഴിൽ വ്യവസ്ഥകൾ എന്നിവ കൈകാര്യം ചെയ്യപ്പെടണം. നിർബന്ധിത ജോലിയും കടക്കാരെന്ന ന ിലയിലുള്ള അടിമപ്പണിയും ഇല്ലാതാക്കുന്നതിന് ഗവണ്മെന്റുകൾ ശ്രമിക്കണം.

ഈ സമൂഹങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അംഗീകരിച്ചുകൊ് അവരുടെ നല്ല ഭാവിക്കായി സ്കൂളുകൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണം.

കടലിലെ സുരക്ഷയുടെ സങ്കീർണ്ണതകൾ തിരിച്ചറിഞ്ഞുകൊ് അതിന്റെ പേ ാരായ്മകൾക്കുള്ള കാരണങ്ങൾ എല്ലാ കക്ഷികളും അംഗീകരിക്കണം.

ചെറുകിട മത്സ്യമേഖലയിലെ സുരക്ഷയും തൊഴിൽപരമായ ആരോഗ്യസ്ഥിതിയും പൊതുവായ മത്സ്യമേഖലാ പരിപാലനത്തിൽ ഉൾപ്പെടുത്തണം.

യുദ്ധസാഹചര്യങ്ങളിൽ വസിക്കുന്ന ചെറുകിട മത്സ്യത്തൊഴിലാളികളുടെ മന ുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണം.



# 7. മൂല്യ ശൃംഘലകൾ, ഉൽപ്പാദനാനന്തര മേഖല, വാണിജ്യം

ചെറുകിട മത്സ്യമേഖലയിലെ ഉൽപ്പാദനാനന്തര ഉപമേഖലയുടെ കേന്ദ്ര സ്ഥാനം എല്ലാ കക്ഷികളും അംഗീകരിക്കണം. ഉൽപ്പാദനാനന്തര ഉപമേഖലയിൽ സ്ത്രീകൾക്ക് ഒരു വലിയ പങ്കാണുള്ളത്, ഇത് എല്ലാ കക്ഷികളും അംഗീകരിക്കേതുമാണ്.

ഉൽപ്പാദനാനന്തര ഉപമേഖലയിൽ അനുയോജ്യമായ പശ്ചാത്തല സൗകര്യങ്ങൾ, സംഘടനാപരമായ ഘടനകൾ, ശേഷി വികസനം എന്നീ രംഗങ്ങളിൽ ഗവണ്മെന്റുകൾ പണം മുടക്കണം.

മീൻപിടുത്തക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും പരമ്പരാഗതമായ സംഘടനാ രൂപങ്ങളെ അംഗീകരിക്കുക.

സംസ്കരണ–വിപണന രംഗത്തെ നഷ്ടങ്ങൾ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ തേടുകയും മൂല്യ വർദ്ധനക്കുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

ചെറുകിട മത്സ്യമേഖലയിലെ ഉൽപ്പന്നങ്ങൾക്ക് തുല്യതയും വിവേചനമില്ലായ്മയും ഉറപ്പാക്കുന്ന വാണിജ്യ സമ്പ്രദായങ്ങൾ പ്രാദേശിക, ദേശീയ, മേഖലാ, അന്താരാഷ്ട്ര വിപണികളിൽ പ്രോത്സാഹിപ്പിക്കുക. കയറ്റുമതിക്കായുള്ള അന്തർദ്ദേശീയ മത്സ്യവ്യാപാരം ജനങ്ങളുടെ പോഷകാഹാര ആവശ്യങ്ങളെ ദോഷകരമായി ബാധിക്കുകയില്ലെന്ന് ഉറപ്പാക്കണം. തീരദേശ ജനതയ്ക്ക് മത്സ്യം ഒരു വിലകുറഞ്ഞ ആഹാരവും അവരുടെ ആരോഗ്യകരമായ ഭക്ഷണക്രമത്തിൽ അതിന് നിർണ്ണായകമായ സ്ഥാനവുമാണുള്ളത്.

അന്താരാഷ്ട്ര വ്യാപാരത്തിന്റെ നേട്ടങ്ങൾ തുല്യമായി വീതിക്കപ്പെടണം, ഇത് മത്സ്യസമ്പത്തിന്റെ അമിത ചൂഷണത്തിന് പ്രേരകമാകരുത്.

അന്താരാഷ്ട്ര മത്സ്യവ്യാപാരത്തിന്റെ പ്രതികൂല പ്രത്യാഘാതങ്ങൾ പരിസ്ഥിതിക്കും, സംസ്കാരത്തിനും, ഭക്ഷ്യസുരക്ഷക്കും, ചെറുകിട മീൻപിടുത്തക്കാരുടെ ഉപജീവനത്തിനും തടസ്സമാകാതെ കൈകാര്യം ചെയ്യപ്പെടണം.

ചെറുകിട മത്സ്യമേഖലയിലുള്ളവർക്ക് കൃത്യമായ വിപണിയിലെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് കാലികവും കൃത്യവുമായ ഗവണ്മെന്റ് നടപടികൾ ഉാകണം.

# 8. ലിംഗപദവി തുല്യത

ചെറുകിട മത്സ്യമേഖലയിലെ വികസന തന്ത്രങ്ങളിൽ സ്ത്രീപുരുഷ അസമത്വം ഇല്ലാതാക്കുന്നതിന് ഒരു പ്രധാന സ്ഥാനമുണ്ടാകണം. അന്താരാഷ്ട്ര മനുഷ്യാവകാശ നിയമത്തിന് കീഴിൽ വരുന്ന സ്ത്രീകളുടെ പ്രശ്നങ്ങളെ സംബന്ധിച്ച ചട്ടങ്ങൾ നടപ്പാക്കുന്നതിന് ഗവണ്മെന്റുകൾ ബാധ്യസ്ഥമാണ്.

സ്ത്രീകൾക്കെതിരായ വിവേചനം നേരിടുന്നതിന് പ്രത്യേകമായ നടപടികൾ സ്വീകരിക്കണം. ലിംഗപദവി തുല്യത കൈവരിക്കുന്നതിന് നയരൂപീകരണവും നിയമനിർമ്മാണവും നടത്തണം.

സ്ത്രീകളുടെ പദവി മെച്ചപ്പെടുത്താനുള്ള നിയമങ്ങൾ, നയങ്ങൾ, കർമ്മ പദ്ധതികൾ എന്നിവ വിലയിരുത്താനുള്ള സംവിധാനങ്ങളുമാകണം.

സ്ത്രീകളുടെ തൊഴിലിന് അനുയോജ്യമായ മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ വികസിപ്പിക്കണം.



# 9. പ്രകൃതി ദുരന്ത സാധ്യതകളും കാലാവസ്ഥാ വ്യതിയാനവും

കാലാവസ്ഥാ മാറ്റത്തെ നേരിടുന്നതിന് അടിയന്തരവും വിപുലവുമായ പ്രവർത്തനം ആവശ്യമായിരിക്കുന്നു. ചെറിയ ദ്വീപുകളിൽ വസിക്കുന്ന ചെറുകിട മത്സ്യബന്ധന സമൂഹങ്ങൾക്ക് പ്രത്യേക പരിഗണന നൽകേതാണ്. ബഹുതലങ്ങളിലുള്ള കൂട്ടായ പ്രവർത്തനം ഇതിന് ആവശ്യമാണ്. പുതിയ പരിതസ്ഥിതികളോട് ഇണങ്ങാനും, തീവ്രത ലഘൂകരിക്കാനും, സഹായം നൽകാനുമുള്ള പദ്ധതികൾ സാഹചര്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ പ്രദാനം ചെയ്യേതാണ്.

മനുഷ്യ പ്രവൃത്തികൾ മൂലമുള്ള ദുരന്തങ്ങൾ ചെറുകിട മത്സ്യമേഖലയിലുാക്കുന്ന പ്രത്യാഘാതങ്ങള നേരിടുന്നതിന് ബന്ധപ്പെട്ട കക്ഷികളെ ഉത്തരവാദികളായി കണക്കാക്കുന്ന സമീപനമുാകണം. മത്സ്യ സംസ്കരണ–വിപണന പ്രവർത്തനങ്ങളെ കാലാവസ്ഥാ മാറ്റവും ദുരന്തങ്ങളും ബാധിക്കുന്നതും കണക്കിലെടുക്കേതാണ്. ദുരന്ത നിവാരണത്തിനും പുനരധിവാസത്തിനും 'മെച്ചപ്പെട്ട പുനർനിർമ്മാണം' എന്ന ആശയമാണ് പ്രയോഗിക്കേത്. മൂല്യ ശൃംഘലയിൽ ഉടനീളം ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കപ്പെടണം.



# 10. നയത്തിലെ പൊരുത്തം, സ്ഥാപനങ്ങളുടെ ഏകോപന വും സഹകരണവും

ചെറുകിട മത്സ്യബന്ധന സമൂഹങ്ങളിൽ സമഗ്രമായ വികസനം ത്വരിതപ്പെടുത്തുന്നതിന്, ഗവണ്മെന്റുകൾ നയങ്ങളിലെ പൊരുത്തം ഉറപ്പാക്കണം.

സമഗ്രമായ തീര മേഖലാ പരിപാലനത്തിൽ ചെറുകിട മത്സ്യമേഖലയുടെ താൽപ്പര്യങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകുകയും അവരുടെ വാസസ്ഥലങ്ങളുടെ ആസൂത്രണത്തിന് ഉതകുന്ന സമീപനങ്ങൾ വികസിപ്പിക്കുകയും ഉപയോഗിക്കുകയും വേണം.

മത്സ്യമേഖലാ നയം സ്ഥായിയായ ചെറുകിട മത്സ്യമേഖല എന്ന ദീർഘകാല കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കണം.

ചെറുകിട മത്സ്യമേഖലയിലെ ഭാഗഭാക്കുകളായവർ അവർക്കിടയിലെ സംഘടന കളുടെ കൂട്ടായ സഹകരണം പ്രോത്സാഹിപ്പിക്കണം.

ചെറുകിട മത്സ്യമേഖലയുടെ ഫലപ്രദമായ പരിപാലനത്തിന് നല്ല പങ്കു വഹിക്കുന്ന പ്രാദേശിക ഭരണ സംവിധാനങ്ങളെ പിന്തുണയ്ക്കണം. സ്ഥായിയായ ചെറുകിട മത്സ്യമേഖല കൈവരിക്കുന്നതിന് അന്താരാഷ്ട്ര, മേഖലാ, ഉപ–മേഖലാ സഹകരണം ആവശ്യമാണ്.

# 11. വിവരങ്ങൾ, ഗവേഷണം, ആശയവിനിമയം

ചെറുകിട മത്സ്യമേഖലയുടെ സുസ്ഥിര പരിപാലനത്തിന് പ്രസക്തമായ തീരുമാനങ്ങളെടുക്കാൻ ഉതകുന്ന വിവരങ്ങളുടെ ശേഖരണത്തിന് സുതാര്യമായ സംവിധാനങ്ങൾ രൂപീകരിക്കേതാണ്. ഫലപ്രദമായ തീരുമാനങ്ങളെടുക്കലിന് ആശയവിനിമയവും വിവരങ്ങളും കൂടിയേ കഴിയൂ. അഴിമതി തടയുകയും, സുതാര്യത മെച്ചപ്പെടുത്തുകയും, തീരുമാനങ്ങൾ എടുക്കുന്നവരെ ഉത്തരവാദികളാക്കുകയും ചെയ്യണം.

ചെറുകിട മത്സ്യബന്ധന സമൂഹങ്ങൾ അറിവിന്റെ ഉടമകളും, ദാതാക്കളുമാണ്. ഉത്തരവാദപ്പെട്ട ചെറുകിട മത്സ്യമേഖലയും സ്ഥായിയായ വികസനവും നേ ടിയെടുക്കുന്നതിന് പ്രസക്തമായ വിവരങ്ങൾ ആവശ്യമാണ്. അറിവ്, സംസ്കാരം, കീഴ്വഴക്കങ്ങൾ, ചെറുകിട സാങ്കേതിക വിദ്യകൾ എന്നിവയെ അംഗീകരിക്കുകയും രേഖപ്പെടുത്തുകയും വേണം.

ഉപജീവനത്തിനായി മീൻപിടുത്തം നടത്തുന്ന ചെറുകിട മത്സ്യബന്ധന സമൂഹങ്ങൾക്ക് പിന്തുണ പ്രദാനം ചെയ്യുക – പ്രത്യേകിച്ച് പരമ്പരാഗതക്കാർക്കും സ്ത്രീകൾക്കും. വിവരങ്ങളുടെ കൈമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന ന ിലവിലുള്ളതും അനുയോജ്യവുമായ എല്ലാ തലങ്ങളിലുമുള്ള സംവിധാനങ്ങളെ പ്രേ ാത്സാഹിപ്പിക്കുക.

ചെറുകിട മത്സ്യമേഖലാ ഗവേഷണത്തിന് ആവശ്യമായ ഫുകൾ ലഭ്യമാക്കുകയും വിവര ശേഖരണവും വിശകലനങ്ങളും സഹകരണ, പങ്കാളിത്ത അടിസ്ഥാനത്തിലാകുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ലിംഗപദവി ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ, മത്സ്യമേഖലയിലെ ആനുകൂല്യങ്ങൾ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായി ലഭ്യമാക്കുന്നതിന് ഉതകുന്ന വ്യത്യസ്ഥ തലങ്ങളിലുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കണം. ചെറുകിട മത്സ്യമേഖലയുടെ പങ്ക് അംഗീകരിച്ചുകൊ്, മത്സ്യം കഴിക്കുന്നതിലൂടെ കൈവരിക്കുന്ന പോഷകപ രമായ ഗുണങ്ങളെ പറ്റി അവബോധം വർദ്ധിപ്പിക്കാൻ ഉപഭോക്താക്കൾക്കുള്ള വിദ്യാഭ്യാസ പരിപാടികളും ആവിഷ്കരിക്കേതാണ്.



# 12. ശേഷീ വികസനം

തീരുമാനമെടുക്കൽ പ്രക്രിയകളിൽ പങ്കെടുക്കാനുള്ള ശേഷി വർദ്ധിപ്പിക്കേതാണ്.

വിപണി സാധ്യതകളെ പ്രയോജനപ്പെടുത്താനുള്ള ചെറുകിട മത്സ്യമേഖലയുടെ ശേഷി മെച്ചപ്പെടുത്താൻ ഗവണ്മെന്റുകൾ വേത് ചെയ്യണം.

ശേഷി വികസനം പരസ്പരാടിസ്ഥാനത്തിലുള്ള ഒരു പ്രക്രിയ ആകണം. സ്ഥായിയായ വികസനവും സഹ–പരിപാലന സംവിധാനങ്ങളും വിജയിപ്പിക്കുന്നതിന് അറിവും വൈദഗ്ധ്യങ്ങളും മെച്ചപ്പെടുത്തേതു്.



## 13. നടപ്പാക്കലും മേൽനോട്ടവും


ഈ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് എല്ലാ കക്ഷികളെയും പ്രേ ാത്സാഹിപ്പിക്കുന്നു.

ഈ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഗവണ്മെന്റുകൾ നടത്തുന്ന സ്വമേധയാലുള്ള പരിശ്രമങ്ങളെ ഐക്യരാഷ്ട്ര സഭയും അതിന്റെ ബന്ധപ്പെട്ട വിദഗ്ദ്ധ ഏജൻസികളും പിന്താങ്ങണം.

മാർഗ്ഗനിർദ്ദേശങ്ങളെ കുറിച്ചുള്ള ബോധവൽക്കരണത്തിനായി ഗവണ്മെന്റുകളും ഇതര കക്ഷികളും സഹകരിച്ച് പ്രവർത്തിക്കണം. തർജ്ജമ ചെയ്ത ലളിതമായ രൂപങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കണം.


മേൽനോട്ട സംവിധാനങ്ങളുടെ പ്രാധാന്യം അംഗീകരിക്കപ്പെടണം. മാർഗ്ഗന ിർദ്ദേശങ്ങൾ നടപ്പാക്കുന്ന കർമ്മ പിരിപാടികളിൽ ചെറുകിട മത്സ്യബന്ധന സമൂഹങ്ങളുടെ ന്യായപ്രകാരമുള്ള പ്രതിനിധികൾ ഉൾപ്പെടുകയും അതിന്റെ മേൽനോട്ടത്തിൽ പങ്കാളികളാവുകയും വേണം.

ഒരു ആഗോള സഹായ പരിപാടി വികസിപ്പിച്ച് നടപ്പാക്കാൻ ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യ-കാർഷിക സംഘടന പിന്തുണയും സഹായവും നൽകണം.





The full text of the Voluntary Guidelines for Securing Sustainable Small-scale Fisheries in the Context of Food Security and Poverty Eradication, is available at:
http://www.fao.org/fishery/topic/18240/en



**International Collective in Support of Fishworkers (ICSF)**
27 College Road, Chennai 600 006, India

ISBN 978 93 80802 48 0